# വയനാടിന്റെ ഫിലിമോത്സവം സൂപ്പർ ഹിറ്റ്!

ലോക്ക് ഡൗൺ കാലയളവിൽ വയനാട് ജില്ലയിലെ ബാലസഭ കുട്ടികളെ സജീവമാക്കാൻ സംഘടിപ്പിച്ച ഫിലിമോത്സവം കുട്ടികൾക്കിടയിൽ സൂപ്പർ ഹിറ്റ്. ഏപ്രിൽ 28, 29 ദിവസങ്ങളിലായി വാട്സ്ആപ്പ് മുഖേനയാണ് ഫിലിമോത്സവം എന്ന പേരിൽ ഹ്രസ്വചിത്ര പ്രദർശനം സംഘടിപ്പിച്ചത്. കുട്ടികളിലെ ചലച്ചിത്രാസ്വാദന മികവ് മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യവും ലോക്ക് ഡൗൺ ചലഞ്ചിന്റെ ഭാഗമായുള്ള ഈ ഫിലിമോത്സവത്തിനുണ്ടായിരുന്നു.

രണ്ട് ദിനങ്ങളിലായി 23 ചലച്ചിത്രങ്ങൾ രക്ഷിതാക്കളുടെ ഫോണിലേക്ക് വാട്സ്ആപ്പ് മുഖേന അയച്ച് നൽകുകയായിരുന്നു. മാതാപിതാക്കളും കുട്ടികളും ഒരുമിച്ചിരുന്ന് കാണേണ്ട മികച്ച സന്ദേശങ്ങളുൾപ്പെടുന്ന ഹ്രസ്വചിത്രങ്ങളാണ് ഫിലിമോത്സവത്തിന്റെ ഭാഗമായി ഇങ്ങനെ അയച്ചുനൽകിയത്. ഈ ഹ്രസ്വ സിനിമകൾ കണ്ടശേഷം ഇതിന്റെ വ്യത്യസ്ത വശങ്ങൾ ഉൾപ്പെടുന്ന നിരൂപണങ്ങൾ എഴുതി ജില്ലാ ടീമിലെ ബന്ധപ്പെട്ട വ്യക്തിക്ക് ഏപ്രിൽ 30നകം നൽകാനും നിർദ്ദേശിച്ചിരുന്നു.

രണ്ട് മിനിറ്റ് മുതൽ 10 മിനിറ്റ് വരെ ദൈർഘ്യമുള്ള 23 ചിത്രങ്ങൾ പങ്കുവച്ച ഫിലിമോത്സവത്തിൽ 743 കുട്ടികൾ സജീവമായി പങ്കെടുത്തു. 274 കുട്ടികൾ ആസ്വാദന കുറിപ്പുകളും എഴുതി നൽകി. ഇവയിൽ നിന്ന് മികച്ച പത്ത് കുറിപ്പുകൾ തെരഞ്ഞെടുത്ത് സമ്മാനം നൽകും. മറ്റ് മികച്ച രചനകൾക്ക് പ്രോത്സാഹന സമ്മാനവും. ഓരോ സിനിമയുടെയും ആശയങ്ങൾ എന്തെല്ലാം, ആശയങ്ങൾ കാണികളിലേക്ക് എന്ത് മാത്രം എത്തുന്നു, അവതരണ രീതി എങ്ങനെ, ഫോട്ടോഗ്രാഫി എങ്ങനെ, കഥയും തിരക്കഥയും

എത്ര മെച്ചപ്പെട്ടതാണ്, കഥാപാത്രങ്ങളും അവരുടെ അഭിനയവും എങ്ങനെ...ഇങ്ങനെ എല്ലാ കാര്യങ്ങളും സിനിമ കാണുമ്പോൾ വിശദമായി പരിശോധിക്കാനും കുട്ടികളോട് നിർദ്ദേശിച്ചിരുന്നു.

ടെൽ മി വൈ, അവധി, പുഞ്ചിരിക്കൂ പരസ്പരം, തിങ്ക്, ദ പേപ്പർ, ദ ബ്ലാക്ക് ഹോൾ, ദ ബൈസ!!ൈ!!ക്കിൾ ബോയ്, ജോയ്, ലൈഫ്, മറുപുറം, കോലുമിഠായി, ഷെയർ കെയർ ജോയ്, മൈ റോഡ് റീൽ, ഹോം വർക്ക്, എ സ്കൂൾ ഡേ എന്നിങ്ങനെ 23 സിനിമകളാണ് ഫിലിമോത്സവത്തിന്റെ ഭാഗമായി പ്രദർശിപ്പിച്ചത്.